"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കാസറഗോഡ് ജില്ല -നീലേശ്വരം ബ്ലോക്ക് - കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് - ക്ലായിക്കോട് മണത്തുർ പാലം തുക്കൈ ബണ്ട് റോഡ് പ്രവൃത്തി - കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/DMD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 216/2021/ഡി.എം.ഡി. തീയതി, 04.04.2025

2. കാസറഗോഡ് ജില്ലാകളക്ടറുടെ 12.11.2025 ലെ DCKSGD/5983/2024-K3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിലുൾപ്പെട്ട കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ ക്ലായിക്കോട് മണത്തുർ പാലം തുക്കൈ ബണ്ട് റോഡ് പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തിയുടെ ബന്ധപ്പെട്ട രേഖകൾ ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി റോഡ് പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിലുള്ള കാലാവധി 2026 മാർച്ച് മാസം വരെ ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിലുൾപ്പെട്ട കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ ക്ലായിക്കോട് മണത്തുർ പാലം തുക്കൈ ബണ്ട് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി തീയതിയിൽ മാറ്റം വരാതെ, ഇനി ദീർഘിപ്പിച്ച് നൽകുകയില്ല എന്ന വ്യവസ്ഥയിൽ കരാർ കാലാവധി ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം

പൂജ ലാൽ കെ എ

അണ്ടർ സെക്ര

ജില്ലാകളക്ടർ, കാസറഗോഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/216/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 06-01-2026 10:30:38

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്